## വെറ്ററിനറി സർവ്വകലാശാലയുടെ മൃഗസംരക്ഷണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർക്കുള്ള മൂന്ന് മാസത്തെ പരിശീലനപരിപാടി (ബാച്ച് 2)

**കേ**രള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ നേതൃത്വത്തിൽ മൃഗസംരക്ഷണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർക്കായി നടത്തിവരുന്ന രണ്ടാം ബാച്ചിന്റെ മൂന്ന് മാസത്തെ പരിശീലനപരിപാടിയ്ക്ക് തുടക്കമായി. മണ്ണുത്തി വെറ്ററിനറി സർവ്വകലാശാലയിലെ അക്കാഡമിക് സ്റ്റാഫ് കോളേജിലുള്ള കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ സർവ്വകലാശാല രജിസ്ട്രാർ ഡോ. സുധീർ ബാബു അധ്യക്ഷനായിരുന്നു. വെറ്ററിനറി സർവ്വകലാശാല ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ. രാജീവ് ടി എസ് സ്വാഗതം ആശംസിച്ചു. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം ആർ ശശീന്ദ്രനാഥ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ടി പ്രദീപ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയായിരുന്നു. വെറ്ററിനറി സർവ്വകലാശാല അക്കാദമിക്സ് & റിസർച്ച് ഡയറക്ടർ ഡോ. സി ലത, കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ പ്രസിഡന്റ് ഡോ. ഹാരിസ് വി എം, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഫ്രാൻസിസ് ബാസ്റ്റിൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കോഴ്സ് ഡയറക്ടർ ഡോ. പ്രസന്ന കെ എസ് നന്ദി പറഞ്ഞു.




